| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| നാലാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 989 | 20..03..2012-ൽ മറുപടിക്ക് |

**ഹയർസെക്കന്ററി കമ്പ്യൂട്ടർ സയൻസ് അദ്ധ്യാപക തസ്തികയുടെ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി ) | |
| (എ) | ഹയർസെക്കണ്ടറി വിഭാഗത്തിൽ കമ്പ്യൂട്ടർ സയൻസ് അദ്ധ്യാപകരെ പ്രൊമോഷൻ വഴി നിയമിക്കുന്നതിന് സ്പെഷ്യൽ റൂൾസ് 3(2), 5(37) എന്നിവയനുസരിച്ച് ജൂനിയർ എച്ച്.എസ്.എസ്.ടിമാരെയും എച്ച്.എസ്.എമാരെയും യോഗ്യതയുള്ള പ്രൈമറി അദ്ധ്യാപകരെയും പരിഗണിക്കുമോ ; | (എ) | ഹയർസെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തികയിലെ ആകെ ഒഴിവുകളിൽ യോഗ്യരായ ജൂനിയർ അദ്ധ്യാപകരുടെ പ്രൊമോഷനു വേണ്ടിയുള്ള ഒഴിവുകൾ മാറ്റി വച്ചതിനുശേഷമുള്ള ഒഴിവുകളുടെ 25% എച്ച്.എസ്.എമാരിൽ നിന്നുള്ള ബൈട്രാൻസ്ഫർ നിയമനങ്ങൾക്കായി മാറ്റിവെച്ചിരിക്കുന്നു. യോഗ്യരായ എച്ച്.എസ്.എ മാരുടെ അഭാവത്തിൽ LPSA / UPSA മാരെ പരിഗണിച്ചുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എച്ച്.എസ്.എ.മാർക്ക് പി.ജി.ഡി.സി.എ ഉണ്ടെങ്കിൽ എച്ച്.എസ്.എസ്.ടി ആകാമെന്ന നിലവിലുള്ള വ്യവസ്ഥയ്ക്ക് പുറമേ "യോഗ്യതയുള്ളവരുടെ അഭാവത്തിൽ എം.ടെക്, എം.സി.എ, എം.എസ്.സി (കമ്പ്യൂട്ടർ സയൻസ് ) എന്നീ യോഗ്യതകളുള്ള പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് എച്ച്.എസ്.എസ്.റ്റി ആകാം " എന്നുകൂടി ചേർത്ത് സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | യോഗ്യതയുള്ള എച്ച്.എസ്.എ മാരുടെ അഭാവത്തിൽ ഒഴിവുകളുടെ ലഭ്യത അനുസരിച്ച് എം.ടെക്, എം.സി.എ, എം.എസ്.സി ( കംപ്യൂട്ടർ സയൻസ്) യോഗ്യതകളുള്ള പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് എച്ച്.എസ്.എസ്.റ്റി (കമ്പ്യൂട്ടർ സയൻസ് ) ആയി നിയമനം ലഭിക്കാവുന്നതാണ്. ഇത് ഇപ്പോൾ തന്നെ ഹയർസെക്കന്ററി സ്പെഷ്യൽ റൂൾസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | സ്പെഷ്യൽ റൂൾസ് ഭേദഗതി സംബന്ധിച്ച്ശ്രീ.വി.റ്റി.തോമസ് നൽകിയിരിക്കുന്ന 70282/2011/ റ്റി/ ജി.ഇ.ഡി എന്ന നമ്പർ ഫയലിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) | ശ്രീ.വി.റ്റി.തോമസ് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കാനായി ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ